പ്രസരണ നഷ്ടം കുറക്കുന്നതിന്റെ ഭാഗമായി പുതിയ സബ് സ്റ്റേഷനുകളും ലൈനുകളും നിർമ്മിക്കുക, സബ് സ്റ്റേഷനുകളുടെ ശേഷി വർദ്ധിപ്പിക്കുക, റീ-കണ്ടക്ടറിംഗ് ചെയ്യുക, കപ്പാസിറ്ററുകൾ സ്ഥാപിക്കുക തുടങ്ങിയവ സമയ ബന്ധിതമായി നടപ്പിലാക്കി വരുന്നു.

(എഫ്) ഫെബ്രുവരി 1998

(ജി) തിരുവനന്തപുരത്തുള്ള എൻവയൺമെന്റൽ റിസോഴ്സസ് റിസർച്ച് സെന്റർ (ERRC) എന്ന സ്ഥാപനത്തെയാണ് ഏൽപ്പിച്ചത്. 2004 ജനുവരിയിലാണ് ബോർഡിന് റിപ്പോർട്ട് സമർപ്പിച്ചത്.

(എച്ച്) പകർപ്പ് പിന്നീട് ലഭ്യമാക്കുന്നതാണ്.

വൈദ്യുതി കണക്ഷനുള്ള അപേക്ഷകൾ

67 [883] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2003 ഡിസംബർ 31 വരെ സംസ്ഥാനത്തെ വൈദ്യുതി കണക്ഷനുള്ള അപേക്ഷകളിൽ എത്രയെണ്ണം കണക്ഷൻ നൽകാൻ ബാക്കിയുണ്ട്;

(ബി) അതിൽ ലൈൻ എക്സ്റ്റെൻഷൻ വേണ്ട കണക്ഷനുകൾ എത്ര; നിലവിലുള്ള ലൈനിൽ നിന്ന് നൽകാവുന്ന കണക്ഷനുകൾ എത്ര എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 439,277

(ബി) ലൈൻ എക്സ്റ്റെൻഷൻ വേണ്ട കണക്ഷനുകൾ—226,262 നിലവിലുള്ള ലൈനിൽ നിന്ന് നൽകാവുന്ന കണക്ഷനുകൾ—213,015.

സംസ്ഥാനത്തെ വൈദ്യുതി ബോർഡ് എടുത്ത വായ്പ

68 [884] ശ്രീ. എ. പി. അനിൽ കുമാർ:
„ അടൂർ പ്രകാശ്:
„ ടി. വി. ചന്ദ്രമോഹൻ:
„ എം. മുരളി:
„ തേറമ്പിൽ രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വൈദ്യുതി ബോർഡിന് വായ്പയെടുക്കുന്നതിന് ആരുടെയെങ്കിലും അനുമതി ആവശ്യമുണ്ടോ; എങ്കിൽ ആരുടെ എന്നറിയിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly